LIBRARY ARCHIVES Kerala Legislative Assembly

ഇല്ല.

(ബി) എങ്കിൽ ഈ റിപ്പോർട്ടിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ബാധകമല്ല.

പ്രൊഫഷണൽ ബോഡി രജിസ്ട്രേഷൻ

174 (1159) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈക്രോ ബയോളജിസ്റ്റ്, ബയോകെമിസ്റ്റ് എന്നീ ലൈഫ് സയൻസ് പ്രൊഫഷണലുകൾ വിദേശത്ത് ജോലിക്ക് അപേക്ഷിക്കുമ്പോൾ സർക്കാരിന് കീഴിലുള്ള പ്രൊഫഷണൽ ബോഡി രജിസ്ട്രേഷൻ ഇല്ലാത്ത കാരണത്താൽ അവർക്ക് ജോലി നിരസിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആയിരക്കണക്കിന് ബിരുദ-ബിരുദാനന്തരബിരുദ ധാരികളുടെ ഭാവിയെ ബാധിക്കുന്ന പ്രശ്നമായതിനാൽ സർക്കാരിന് കീഴിൽ പ്രൊഫഷണൽ ബോഡി രജിസ്ട്രേഷൻ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കാര്യം പരിഗണനയിലില്ല.

ഓൺലൈൻ വിദ്യാഭ്യാസ പരിപാടിയുടെ വിലയിരുത്തൽ

175(1160) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാർത്ഥികൾക്കായുള്ള ഓൺലൈൻ വിദ്യാഭ്യാസ പരിപാടി ഫലപ്രദവും കാര്യക്ഷമവുമായ രീതിയിലാണോയെന്ന് വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും ഭാഗത്തുനിന്ന് വിലയിരുത്തുന്നതിനുള്ള ഏതെങ്കിലും പഠനങ്ങൾ സർക്കാർ തലത്തിലോ സർവ്വകലാശാല തലത്തിലോ നടത്തിയിട്ടുണ്ടോ;

&

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാമോ?

റൂസയുടെ ആഭിമുഖ്യത്തിൽ പഠനം നടത്തിയിട്ടുണ്ട്. ഓൺലൈൻ പഠനത്തിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിനും പ്രശ്നങ്ങൾ പഠിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റേയും റൂസയുടേയും നേതൃത്വത്തിൽ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സ്ഥാപനമേധാവികൾ എന്നിവരിൽനിന്നും വിവരശേഖരണം നടത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക യോഗം ചേർന്ന് പഠനങ്ങളുടെ ഫലം വിലയിരുത്തുകയും "Let's Go Digital" എന്ന പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടമായി എല്ലാ കോളേജുകളിലും "എൽ.എം.എസ്" (Learning Management System) സ്ഥാപിച്ച് അധ്യായനം ഓൺലൈൻ മാധ്യമംകൂടി ഉപയോഗപ്പെടുത്തി നടത്തുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ആയിരത്തിലധികം അദ്ധ്യാപകർക്ക് ഇതിനകം പരിശീലനം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിൽ കോവിഡ് സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കേണ്ട നടപടികൾ വിശദീകരിക്കുന്ന ഒരു "നയോപദേശരേഖ" തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി നടത്തിപ്പിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള സാങ്കേതിക സ്ഥാപനങ്ങളുടേയും സർവ്വകലാശാലകളുടേയും പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. "മൂഡിൽ" ഉപയോഗിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കുന്ന ഒരു കേന്ദ്രീകൃത സംവിധാനം കോളേജ് തലത്തിൽ നടപ്പിലാക്കുന്നതാണ്.

അദ്ധ്യാപക നിയമനങ്ങളിലെ സംവരണ വിഭാഗങ്ങളുടെ ബാക്ക് ലോഗ്

176 (1161) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യൂണിവേഴ്സിറ്റി സംവിധാനം നിലവിൽ വന്നത് മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിൽ, കേരളത്തിലെ സർവ്വകലാശാലകളിൽ അസിസ്റ്റന്റ് പ്രൊഫസർ (ലക്ചറർ), അസോസിയേറ്റ് പ്രൊഫസർ (റീഡർ), പ്രൊഫസർ എന്നീ തസ്തികകളിൽ സംവരണ വിഭാഗങ്ങൾ, ഭിന്നശേഷി വിഭാഗങ്ങൾ എന്നിവർക്കായി നീക്കിവച്ച ബാക്ക് ലോഗ് ഒഴിവുകളുടെ വിവരം കാറ്റഗറി തിരിച്ച് വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly